(സി) 2000 സെപ്റ്റംബർ രണ്ടാം പാദത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു.

(ഡി) ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളിലെ വാർഡ് വിഭജനം, പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കൽ വോട്ടർ പട്ടിക തയ്യാറാക്കൽ തെരഞ്ഞെടുപ്പ് സാധനസാമഗ്രികളുടെ സംഭരണം തുടങ്ങിയ നടപടികൾ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചുവരികയാണ്.

ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ചതിൽ ചെലവഴിക്കാത്ത തുക

5(388) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ബാലറാം :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുകയിൽ 2000-ാമാണ്ട് മാർച്ച് 31-ന് മുമ്പ് ചെലവഴിക്കാൻ കഴിയാത്ത തുകകൾ ഗവൺമെന്റിലേക്ക് തിരിച്ചടയ്ക്കണമെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ?

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുക ഗവൺമെന്റിലേയ്ക്ക് തിരിച്ചടച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ജനകീയാസൂത്രണത്തിനുവേണ്ടി നൽകിയ തുകയിൽ ചെലവഴിക്കാൻ സാദ്ധ്യമാകാതെ വരുന്ന തുക 2000 മാർച്ച് 31-ന് മുമ്പ് ഗവൺമെന്റിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശം നൽകുവാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ജില്ലാപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പാക്കാനായി അനുവദിച്ച തുക

6(389) ശ്രീ. എ. കെ. മണി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഓരോ ജില്ലാ പഞ്ചായത്തിലും പദ്ധതികൾ നടപ്പിലാക്കാനായി ഓരോ വർഷവും അനുവദിച്ച തുകയെത്ര ;

(ബി) ഓരോ ജില്ലാ പഞ്ചായത്തും ഇതിൽ എന്തു തുക വീതം ഈ വർഷം വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചു ;

(സി) എന്തു തുക വീതം നിർദ്ദിഷ്ട സേവനം ലഭിക്കുന്നതിനായി പൊതു മേഖലാസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട് ;

(ഡി) എന്തു തുക വീതം ലാപ്സാക്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഓരോ വർഷവും അനുവദിച്ച തുക പട്ടികാരൂപത്തിൽ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.*

(ബി) ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച ഏകദേശം വിവരം അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.*

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകുന്ന തുക ചെലവായില്ലെങ്കിൽ ലാപ്സാകുകയില്ല. ഒരു നിശ്ചിത ശതമാനം തുക ചെലവായില്ലെങ്കിൽ അടുത്ത വർഷത്തെ പദ്ധതി നിഗമനത്തിൽ ആനുപാതിക കുറവ് വരുത്തുകയാണ് ചെയ്യുന്നത്.

ജനകീയാസൂത്രണത്തെപ്പറ്റി യു.ഡി.എഫ്. നടത്തിയ അന്വേഷണം

7(390) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് യു.ഡി.എഫ്.നുവേണ്ടി അന്വേഷണം നടത്തിയ ഹസ്സൻ കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(സി) റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള അഴിമതികളെപ്പറ്റി അന്വേഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly